EXECUTIVE POST—RESERVATION OF

506. മിസ്റ്റർ കെ. കെ. കണ്ണൻ; താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) പുതുതായി സൃഷ്ടിക്കുന്നതോ ഒഴിവുവരുന്നതൊ ആയിട്ടുള്ള എക്സിക്യൂട്ടീവ് പവർ ഉള്ള ഉദ്യോഗങ്ങളിൽ (posts of Magistrates, Tahsildars, Revenue Inspectors, Police Sub-Inspectors, etc.) എത്ര എണ്ണമാണ് അധഃകൃതർക്ക് റിസർവ് ചെയ്തിട്ടുള്ളത്;

(ബി) ഇതിനെക്കുറിച്ച് ഗവൺമെണ്ടു വ്യക്തമായ തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തൽസംബന്ധമായ കല്പന പാസ്സാക്കിയിട്ടുള്ളത് ഏത് തിയ്യതിയിലാണ്;

(ഡി) ടി കല്പനയുടെ നേർപകർപ്പ് മേശപ്പുറത്ത് വെക്കുവാൻ ദയവുണ്ടാകുമോ;

(ഇ) പ്രസ്തുത കല്പന എന്നുമുതല്ക്കാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്?

റാവുസാഹിബ് എ. മാധവപ്രഭ:

(എ to ഡി) 1-3-1947 തിയ്യതി P(1)—1947/47-ാം നമ്പ്രായി ഗവൺമെണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്ത് വെച്ചിരിക്കുന്നതു നോക്കുക?

(ഇ) ടി കല്പനയിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ അതു പുറപ്പെടുവിച്ച തിയ്യതിമുതൽ ഗവൺമെണ്ടു് എടുത്തുവരുന്നുണ്ടു്.

ISSUE OF RATIONS

507. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the Kunnamkulam Field Officer used to give temporary slips for buying rations to those whose ration cards are missed or lost;

(*b*) whether any register is maintained to show the date, number, address of the persons to whom the temporary slips are given;

(*c*) if the missing ration card is recovered whether the temporary slip is taken back;

(*d*) is there any any record to show the date of taking back the temporary slip;

(*e*) how many such temporary slips are issued to ration card-holders buying ration from the ration shop license No. 58/21 of Kunnamkulam town from 30th Kumbham 1122?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) No.

(*b*), (*c*), (*d*) & (*e*) No answer is necessary in view of the answer to (*a*).

CORRUPTION TRIBUNAL

508. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഉദ്യോഗസ്ഥാഴിമതികളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ നിയോഗിച്ച ട്രിബ്യൂണൽ അന്വേഷണത്തിനു സ്വീകരിച്ച നടപടികളെന്തു;

(ബി) അഴിമതികളുണ്ടോ എന്നുള്ള അന്വേഷണമോ അഴിമതികളെക്കുറിച്ചുള്ള ആക്ഷേപങ്ങളെപ്പറ്റിയുള്ള അന്വേഷണമോ ട്രിബ്യൂണൽ നടത്തിയതു?

റാവുസാഹിബ് എ. മാധവപ്രഭ:

(എ) കക്ഷികളോടു സ്റ്റെയിറ്റുമെൻറുകൾ വാങ്ങുകയും, അവയെയും വിചാരണസമയത്തു വിളിക്കപ്പെട്ട സാക്ഷികളുടെ തെളിവുകളേയും പറ്റി യഥായോഗ്യം ആലോചിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) നിശ്ചയിച്ചിരുന്ന സമയത്തിനുള്ളിൽ ലഭിച്ച പ്രത്യേകപരാതികളെപ്പറ്റിയായിരുന്നു വിചാരണകൾ. വിചാരണകൾ നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ മുമ്പാകെ വന്ന കാര്യങ്ങളെപ്പറ്റി മാത്രമേ ട്രിബ്യൂണൽ ആലോചിക്കേണ്ടതുണ്ടായിരുന്നുള്ളൂ. അതിന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ട കേസ്സുകൾ മാത്രമേ അതു വിചാരണ ചെയ്യേണ്ടതുള്ളുവെന്നും, സാദ്ധ്യമായാ ഇതിലും വിപുലമായി വിചാരണ നടത്തുവാൻ അതൊരുമ്പെടരുതെന്നും ട്രിബ്യൂണലിൽനിന്നു ഖണ്ഡിതമായ നിർദ്ദേശം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly